മലപ്പുറം ജില്ല: (6 എണ്ണം). കടലുണ്ടി നഗരം, മുക്കാടി, മരക്കടവ്, കൂടായി, പുതിയ കടപ്പുറം, അരിയല്ലൂർ ബീച്ച്.

കോഴിക്കോട് ജില്ല: (7 എണ്ണം). എലത്തൂർ, കുരിയാടി, മേലടി, കൊയിലാണ്ടി, ചെറിയമങ്ങാട്, ചാലിയം, തെക്കേകടപ്പുറം.

കണ്ണൂർ ജില്ല: (5 എണ്ണം). കുറിച്ചിയിൽ, എടക്കാട്ടു പുതിയങ്ങാടി കടപ്പുറം, മാട്ടൂൽ, തയ്യിൽ.

കാസർകോഡ് ജില്ല: (5 എണ്ണം). തൃക്കരിപ്പൂർ കടപ്പുറം, പള്ളിക്കര, കീഴൂർ, കസബ, തെക്കെകടപ്പുറം.

(സി) 1986–87 വർഷത്തിൽ എൻ.സി.ഡി.സി. പദ്ധതി രണ്ടാംഘട്ടം പരിപാടിയുടെ ഭാഗമായി 7 ജില്ലകളിലായി മൊത്തം 40 ഗ്രാമസംഘങ്ങൾ ക്രസ്റ്റർ വില്ലേജുകളായി ഏറെടുക്കാൻ ഉദ്ദേശമുണ്ട്. ഇത് സംബന്ധിച്ച വിശദമായ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വേയ്ക്കുശേഷമേ ജില്ല തിരിച്ചുള്ള വിശദവിവരം അറിയാൻ സാദ്ധ്യമാവൂ. താഴെ പറയുന്ന ജില്ലകളിലാണ് ക്രസ്റ്റർ വില്ലേജുകൾ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർകോഡ്.

അമ്പലപ്പുഴ തീരദേശ റോഡ്

92 [100] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂട്ടർ ഫാക്ടറി അമ്പലപ്പുഴ തീരദേശറോഡ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഏറെറടുത്ത് മെറ്റൽ പെയ്ത് ടാർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റിന്റെ സാമ്പത്തിക ഞെരുക്കം കാരണം മുൻ വർഷങ്ങളിൽ എടുത്തിട്ടുള്ളതും പൂർത്തിയായിട്ടില്ലാത്തതുമായ ജോലികൾ മുൻഗണനാടിസ്ഥാനത്തിൽ ഈ വർഷം പൂർത്തിയാക്കുവാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അപ്രകാരം എല്ലാ വർക്കുകളും തീരുന്നതുവരെ പുതിയ വർക്കുകളൊന്നും എടുക്കുവാൻ സാദ്ധ്യമാവുകയില്ല.

പാൽ സഹകരണ സംഘങ്ങൾ

93 [101] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുള്ള പാൽ സഹകരണ സംഘങ്ങൾ; എത്ര

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1501

(ബി)

തിരുവനന്തപുരം	246
കൊല്ലം	136
പത്തനംതിട്ട	51
ആലപ്പുഴ	130
കോട്ടയം	123
ഇടുക്കി	78
എറണാകുളം	167
തൃശ്ശൂർ	163
പാലക്കാട്	101
മലപ്പുറം	70
കോഴിക്കോട്	82
വയനാട്	36
കണ്ണൂർ (കാസർകോഡ് ഉൾപ്പെടെ)	118
ആകെ	1501

ക്ഷീരോൽപ്പാദനം

94 [102] ഫിഷറീസ് ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപ്പാദന വിപണന രംഗത്തു സംസ്ഥാനത്തു എത്ര പ്രാദേശിക സഹകരണ സംഘങ്ങൾ നിലവിലുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരം സംഘങ്ങളിലെല്ലാം കൂടി എത്ര ക്ഷീരോൽപാദകർ അംഗങ്ങളാണ്;

(ഡി) ക്ഷീരോൽപ്പാദകർക്കു ലിറ്റർ ഒന്നിനു ശരാശരി എന്തു വിലവച്ചു ഈ സംഘങ്ങൾ നൽകുന്നുണ്ട്;

(ഇ) ഒരു ലിറ്റർ പാൽ ഉല്പാദനത്തിനു ശരാശരി എന്തുചിലവ് വരും?

ഉത്തരം

(എ) 1501

(ബി)

തിരുവനന്തപുരം	246
കൊല്ലം	136
പത്തനംതിട്ട	51
ആലപ്പുഴ	130
കോട്ടയം	123
ഇടുക്കി	78
എറണാകുളം	167
തൃശ്ശൂർ	163
പാലക്കാട്	101
മലപ്പുറം	70
കോഴിക്കോട്	82
വയനാട്	36
കണ്ണൂർ (കാസർകോഡ് ഉൾപ്പെടെ)	118
ആകെ	1501

LIBRARY ARCHIVES Kerala Legislative Assembly